***ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളിൽ താൽക്കാലിക നിയമനം: അപേക്ഷ ക്ഷണിച്ചു***

സംസ്ഥാനത്തെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി തൊഴിൽ വകുപ്പ് ആരംഭിക്കുന്ന എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങളിലേക്ക് ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഓൺലൈൻ ഭക്ഷ്യവിതരണം, ഇ-കൊമേഴ്സ്, റൈഡ്-ഹെയിലിംഗ് തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഗിഗ് തൊഴിലാളികൾക്ക് ജോലിക്കിടയിലെ ഇടവേളകളിൽ സുരക്ഷിതമായ വിശ്രമസൗകര്യവും അടിസ്ഥാന ക്ഷേമസൗകര്യങ്ങളും ലഭ്യമാക്കാനാണ് ഈ കേന്ദ്രങ്ങൾ തുറക്കുന്നത്.

കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി കെയർടേക്കർ-കം-ഫെസിലിറ്റേറ്റർ, സ്വീപ്പർ-കം-സാനിറ്റേഷൻ വർക്കർ എന്നീ തസ്തികകളിലേക്ക് ദിവസ് വേതനാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കെയർടേക്കർ-കം-ഫെസിലിറ്റേറ്റർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയിരിക്കണം. ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് മുൻഗണന ലഭിക്കും. ഇതിനുപുറമേ അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ആശയവിനിമയ ശേഷി, രജിസ്റ്ററുകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് എന്നിവ അഭികാമ്യമാണ്.

സ്വീപ്പർ-കം-സാനിറ്റേഷൻ വർക്കർ തസ്തികയിലേക്ക് എഴുത്തും വായനയും കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന പരിജ്ഞാനവും ശുചീകരണ പ്രവർത്തനങ്ങളിൽ പ്രായോഗിക പരിചയവും ആവശ്യമാണ്. ഇരു തസ്തികകളിലേക്കുമുള്ള പ്രായപരിധി 18 മുതൽ 50 വയസ്സ് വരെയാണ്. രാവിലെ 8.00 മുതൽ വൈകിട്ട് 3.00 വരെയും, വൈകിട്ട് 3.00 മുതൽ രാത്രി 10.00 വരെയും (7 മണിക്കൂർ) ഉള്ള രണ്ട് ഷിഫ്റ്റുകളിലായാണ് വിശ്രമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഓരോ ഷിഫ്റ്റിലും രണ്ടു ജീവനക്കാർ വീതമുണ്ടാകും. സർക്കാരിന്റെ ദിവസവേതന നിരക്കുകൾ പ്രകാരം പരമാവധി 90 ദിവസത്തേക്ക് ഇന്റർവ്യൂ നടത്തിയാണ് നിയമനം. 2026 സെപ്റ്റംബർ 22 രാവിലെ 10.30 ന് നടക്കുന്ന കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം ജില്ലാ ലേബർ

ഓഫീസുകളിൽ നടക്കുന്ന ഇന്റർവ്യൂവിൽ ആധാർ കാർഡ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ, ബയോഡേറ്റ എന്നിവ സഹിതം ഹാജരാകണം. രേഖകളുടെ ഒരു സെറ്റ് ഫോട്ടോ കോപ്പിയും കരുതണം. കൂടുതൽ വിവരങ്ങൾക്ക്

തിരുവനന്തപുരം -8547655256

കോഴിക്കോട് -8547655257

എറണാകുളം-8547655267

ലേബർ കമ്മീഷണർ

**SAFNA NAZARUDEEN IAS**
**(PEN : 908897)**
**Labour Commissioner**
**Kerala**

OFFICE OF THE LABOUR COMMISSIONER KERALA, TRIVANDRUM.